പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 1461      12-07-2011 - ൽ മറുപടിക്ക്

## സർക്കാർ അഭിഭാഷകരുടെ നിയമനം

**ചോദ്യം** — ശ്രീ. എ. പ്രദീപ് കുമാർ

**ഉത്തരം** — ബഹു: ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | സർക്കാർ അഭിഭാഷകരുടെ നിയമനകാര്യത്തിൽ എന്തെല്ലാം മാനദണ്ഡങ്ങളാണ് പാലിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | സർക്കാർ അഭിഭാഷകരുടെ നിയമനം 1978-ലെ കേരള ഗവൺമെന്റ് ലാ ഓഫീസേഴ്സ് (നിയമനവും സേവന വ്യവസ്ഥകളും) കേസ് നടത്തിപ്പും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചാണ്. ഹൈക്കോടതിയിൽ, പ്രസ്തുത ചട്ടത്തിലെ 5-ാം ചട്ടപ്രകാരം സീനിയർ ഗവൺമെന്റ് പ്ലീഡറായി നിയമിക്കപ്പെടുന്നതിന് കുറഞ്ഞത് അഭിഭാഷകനായി ഹൈക്കോടതിയിൽ 10 വർഷത്തെ പ്രാക്ടീസും ഗവൺമെന്റ് പ്ലീഡറായി നിയമിക്കപ്പെടുന്നതിന് അഭിഭാഷകനായി ഹൈക്കോടതിയിൽ ഏഴു വർഷത്തെ പ്രാക്ടീസും ആവശ്യമാണ്.<br><br>സുപ്രീംകോടതിയിൽ സ്റ്റാന്റിംഗ് കൗൺസൽ ആയി നിയമിക്കപ്പെടുന്നത് 1978 ലെ കേരള ഗവൺമെന്റ് ലാ ഓഫീസേഴ്സ് (നിയമനവും സേവന വ്യവസ്ഥകളും) കേസ് നടത്തിപ്പും ചട്ടങ്ങളിലെ 13-ാം ചട്ടപ്രകാരമാണ്. സുപ്രീംകോടതിയിൽ സ്റ്റാന്റിംഗ് കൗൺസൽ ആയി നിയമിക്കപ്പെടുന്നതിന് സുപ്രീംകോടതിയിലെ അഡ്വക്കേറ്റ് - ഓൺ- റെക്കോർഡ് ആയി കുറഞ്ഞത് 3 വർഷത്തെ പ്രാക്ടീസ് ഉണ്ടായിരിക്കേണ്ടതാണ്.<br><br>യോഗ്യത, പരിചയം, സത്യസന്ധത, യശസ്സ്, സ്വഭാവം, പൂർവ്വചരിത്രം എന്നിവ സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായത്തിൽ നിയമിക്കപ്പെടാൻ യോഗ്യരായവരെ ഉൾപ്പെടുത്തിയ ഒരു പാനൽ അഡ്വക്കേറ്റ് ജനറൽ അയച്ചുതരികയും അതിൽ നിന്ന് മന്ത്രിസഭ ആവശ്യമായ അഭിഭാഷകരെ നിയമിക്കുകയുമാണ് ചെയ്യുന്നത്.<br><br>ജില്ലാ കോടതിയിലും സബ് കോടതിയിലും മറ്റും സർക്കാർ അഭിഭാഷകരായും നിയമിക്കുന്നത് പ്രസ്തുത ചട്ടത്തിലെ 8-ാം ചട്ടപ്രകാരമാണ്. പ്രസ്തുത ചട്ടത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് ജില്ലാ കളക്ടർ ജില്ലാ ജഡ്ജിയുമായി കൺസൾട്ട് ചെയ്ത് തയ്യാറാക്കി നൽകുന്ന പാനലിൽ നിന്നാണ് ജില്ലാ കോടതിയിലും സബ്കോടതിയിലും സർക്കാർ അഭിഭാഷകരെ നിയമിക്കുന്നത്. |

| | | |
|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അഭിഭാഷകരെയാണ് നിയമിച്ചിട്ടുള്ളത് വിശദാംശം നൽകുമോ ? | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അഡ്വക്കേറ്റ് ജനറൽ, രണ്ട് അഡീഷണൽ അഡ്വക്കേറ്റ് ജനറൽമാർ എന്നിവരെ കൂടാതെ പതിനൊന്ന് സർക്കാർ അഭിഭാഷകരെയും കേരള ഹൈക്കോടതിയിൽ നിയമിച്ചിട്ടുണ്ട്. ജില്ലാക്കോടതിയിലും മറ്റും പുതുതായി സർക്കാർ അഭിഭാഷകരെ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നിയമിച്ചിട്ടില്ല.<br><br>ഹൈക്കോടതിയിൽ സർക്കാർ നിയമിച്ച അഭിഭാഷകരുടെ പേരുകൾ താഴെ ചേർക്കുന്നു.<br><br>1. ശ്രീ. കെ.പി.ദണ്ഡപാണി - അഡ്വക്കേറ്റ് ജനറൽ<br>2. ശ്രീ.പി. സി. ഐപ്പ് - അഡീഷണൽ അഡ്വക്കേറ്റ് ജനറൽ<br>3. ശ്രീ.കെ.എ.ജലീൽ - അഡീഷണൽ അഡ്വക്കേറ്റ് ജനറൽ<br>4. ശ്രീ.സി.എസ്.മണിലാൽ - സീനിയർ ഗവൺമെൻറ് പ്ലീഡർ<br>5. ശ്രീ.പി ജയശങ്കർ - സീനിയർ ഗവൺമെൻറ് പ്ലീഡർ<br>6. ശ്രീ. എസ്.അബ്ദുൾ സലാം - സീനിയർ ഗവൺമെൻറ് പ്ലീഡർ<br>7. ശ്രീമതി എം.കെ.രാജശ്രീ - സീനിയർ ഗവൺമെൻറ് പ്ലീഡർ<br>8. ശ്രീ.വി.ബിജുലാൽ - സീനിയർ ഗവൺമെൻറ് പ്ലീഡർ<br>9. ശ്രീ.ജോർജ്ജ് മേച്ചേരിൽ - സീനിയർ ഗവൺമെൻറ് പ്ലീഡർ<br>10. ശ്രീ. മുഹമ്മദ് ഷാഫി എം - സീനിയർ ഗവൺമെൻറ് പ്ലീഡർ<br>11. ശ്രീ.ജെയിംസ് മാത്യൂകടവൻ- സീനിയർ ഗവൺമെൻറ് പ്ലീഡർ<br>12. ശ്രീ.ബിജു എബ്രഹാം - സീനിയർ ഗവൺമെൻറ് പ്ലീഡർ<br>13. ശ്രീ. ജി. ഗോപകുമാർ - ഗവൺമെൻറ് പ്ലീഡർ<br>14. ശ്രീ.ജഗീഷ്.ആർ - ഗവൺമെൻറ് പ്ലീഡർ |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ